പുഴകളുടെ സംരക്ഷണം

179(2648) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പുഴകളുടെ പരിപാലനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) പുഴകൾ മലിനീകരിക്കപ്പെടുന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) അപകടകരമായ രീതിയിൽ മലിനജലം ഒഴുകുന്ന പുഴകൾ ഉണ്ടോ എന്നും എങ്കിൽ അവ ഏതെല്ലാമാമെന്നും അറിയിക്കുമോ; ഇത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ഡി) കേരളത്തിൽ ഓരോ വർഷവും ജലത്തിന്റെ അളവ് കുറഞ്ഞു കൊണ്ടിരിക്കുന്നതും വർദ്ധിച്ചുകൊണ്ടിരിക്കുന്നതുമായ നദികൾ ഉണ്ടോ; ഏതെല്ലാം; ഇതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) ഉണ്ട്. സംസ്ഥാനത്തിന്റെ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിൽ ഉൾപ്പെടുത്തി 23 നദികളിലെ 115 സ്റ്റേഷനുകളിൽനിന്നും നാഷണൽ വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് പ്രോഗ്രാമിൽപ്പെടുത്തി 42 നദികളിലെ 65 സ്റ്റേഷനുകളിൽനിന്നും 7 റിവുലറ്റ് സ്റ്റേഷനുകളിൽനിന്നും ജല സാമ്പിളുകൾ ക്രമമായി ശേഖരിച്ച് പരിശോധന നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജല-വായു ഗുണനിലവാര ഡയറക്കുറി എല്ലാ വർഷവും പ്രസിദ്ധീകരിച്ചുവരുന്നു. ജലസ്രോതസ്സുകളിലേക്ക് പാഴ്ജലം ഒഴുക്കുന്നതിന് മലിനീകരണ നിയന്ത്രണ ബോർഡ് നിയന്ത്രണം ഏർപ്പെടുത്തിവരുന്നു. 1974-ലെ ജല (മലിനീകരണവും നിയന്ത്രണവും) നിയമംമൂലം വ്യവസായ സ്ഥാപനങ്ങൾ, ആശുപത്രികൾ, പാർപ്പിട സമുച്ചയങ്ങൾ, വലിയ ഹോട്ടലുകൾ, റിസോർട്ടുകൾ എന്നിവയെ ജല നിയമപ്രകാരമുള്ള അനുമതിപരിധിയിൽ കൊണ്ടുവന്ന് ശാസ്ത്രീയമായ മലിനജല ശുദ്ധീകരണ സംവിധാനങ്ങൾ ഏർപ്പെടുത്തിച്ചും അതിന്റെ പ്രവർത്തനം ഇടയ്ക്കിടെ മോണിറ്റർ ചെയ്തും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ജലമലിനീകരണം നിയന്ത്രിച്ചുവരുന്നു. കൂടാതെ 2000 ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള പാർപ്പിട ഉത്തുംഗ കെട്ടിടങ്ങൾക്കും (High rise building) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർബന്ധമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശബരിമല സീസൺ കാലത്ത് പമ്പാനദിയിൽ പമ്പാഭാഗത്ത് കോളിഫോം ബാക്ടീരിയയുടെ അളവ് വളരെയധികം കൂടുതലായി കണ്ടിട്ടുണ്ട്. തീർത്ഥാടന സമയത്ത് പമ്പയിലെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിൽനിന്നുള്ള ശുദ്ധീകരിച്ച പാഴ്ജലത്തിന്റെയും പമ്പാനദിയിലെ ജലത്തിന്റെയും ഗുണനിലവാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ദിവസവും പരിശോധിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമയാസമയങ്ങളിൽ സ്വീകരിക്കേണ്ട നടപടികൾ തിരുവിതാംകൂർ ദേവസ്വം ബോർഡിനും കേരള വാട്ടർ അതോറിറ്റിക്കും നൽകിവരുന്നു. കൂടാതെ, തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപ്പിലാക്കുന്ന ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ അവലോകനം ചെയ്ത് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പമ്പാനദിയിൽ ഭക്തജനങ്ങൾ വസ്ത്രങ്ങൾ ഉപേക്ഷിച്ച് പോകുന്നത് തടയുന്നതിനായി ഈ വർഷം എൻ.എസ്.എസ്. വോളന്റിയർമാരുടെയും പോലീസ് സേനയുടെയും സഹായത്തോടെ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ലഭ്യമാകുന്ന മഴയുടെ തോതനുസരിച്ച് നദികളിലെ ജലത്തിന്റെ അളവ് വ്യത്യാസപ്പെടുമെങ്കിലും ജലവിതരണം സ്ഥിരമായി കുറഞ്ഞിരിക്കുന്നതോ, കൂടിയിരിക്കുന്നതോ ആയ പുഴകൾ ഒന്നുംതന്നെയില്ല.

സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും

180(2649) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാ വ്യതിയാനവും കണക്കിലെടുത്ത്, ലഭ്യമായ ജലം പരമാവധി സംരക്ഷിച്ച് കുടിവെള്ള വിതരണത്തിനും കൃഷിക്കും മറ്റനുബന്ധാവശ്യങ്ങൾക്കും തടസ്സമില്ലാതെ നൽകാൻ പറ്റുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കുമെന്ന് 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നോ ; വ്യക്തമാക്കുമോ;

(ബി) ഇതിനായി പ്രസ്തുത വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടായിരുന്നുവെന്നും അതിൽ എത്ര തുക ലഭ്യമാവിൽ നിന്നും ചെലവഴിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly